# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1577 | 03.05.2017 ൽ മറുപടിക്ക് |
|---|---|

**അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര** | | **ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സർവ്വേ നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) | സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഓഫീസിലെ അഴിമതിയുടെ തോത് അളക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർവ്വേ നടത്തിയിട്ടുണ്ട്. പൊതുജന സമ്പർക്കം കൂടുതലുള്ള വകുപ്പുകളെപ്പറ്റി ലഭിക്കുന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് സർവ്വെ നടത്തിയത്. പ്രസ്തുത സർവ്വെയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കൂടുതൽ അഴിമതി നടക്കുന്നതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അഴിമതി കുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് വിജിലൻസ് ഡയറക്ടർ 22 ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിന് മുൻപായി തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി കുറയ്ക്കാനായി 'വിജിലന്റ് കേരള' എന്ന പേരിൽ ഒരു ശുപാർശയും തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | സർവ്വെയുടെ അടിസ്ഥാനത്തിൽ അഴിമതിയിൽ ഒന്നാം സ്ഥാനത്ത് ഏത് വകുപ്പാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | അഴിമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന വകുപ്പുകളെ അഴിമതി മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ